പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 501. 05-07-2012 ൽ മറുപടിക്ക്

**<u>വരയാടുകളുടെ സംരക്ഷണം</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ :<br>ശ്രീ. കെ. അജിത് :<br>ശ്രീമതി. ഇ. എസ്. ബിജിമോൾ:<br>ശ്രീ. കെ. രാജു : | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി ) |
| എ) സംസ്ഥാനത്ത് ഏതെല്ലാം വനമേഖലകളിൽ വരയാടുകൾ കാണപ്പെടുന്നതെന്ന്; | എ) തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, പാലക്കാട് എന്നീ ജില്ലകളിലെ വനപ്രദേശങ്ങളിലെ ചെങ്കുത്തായ മലമുകളുകളിൽ വരയാടുകളെ കണ്ടുവരുന്നു. |
| ബി) ഈ വരയാടുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഓരോ മേഖലയിലും എത്ര വീതം ഉണ്ടെന്ന് വ്യക്തമാക്കാമോ ; | ബി) ഈ മേഖലകളിലെല്ലാം വരയാടുകളുടെ എണ്ണം അടുത്ത കാലത്ത് തിട്ടപ്പെടുത്തിയിട്ടില്ല. എന്നാൽ ഇരവികുളം ദേശീയോദ്യാനത്തിൽ എല്ലാ വർഷവും വരയാടുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നുണ്ട്. 2011 ൽ തിട്ടപ്പെടുത്തിയതനുസരിച്ച് ഇവിടെ 831 വരയാടുകളുള്ളതായി കണ്ടെത്തുകയുണ്ടായി. 2002 ലെ വന്യജീവി കണക്കെടുപ്പ് പ്രകാരം |

മറ്റിടങ്ങളിലെ വരയാടുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | എളിവാൽമല (പാലക്കാട്) | 11 |
| 2 | പറമ്പിക്കുളം (പാലക്കാട്) | 17 |
| 3 | മംഗളാദേവി (ഇടുക്കി) | 12 |
| 4 | കൊച്ചുപമ്പ (പത്തനംതിട്ട) | 22 |
| 5 | നെല്ലിയാമ്പതിക്കുന്ന് (പാലക്കാട്) | 37 |
| 6 | ചിന്നാർ (ഇടുക്കി) | 3 |
| 7 | വരയാട്ടുമല (തിരുവനന്തപുരം) | 58 |
| 8 | പൊന്മുടി (തിരുവനന്തപുരം) | 18 |
| 9 | മീശപ്പുലിമല (ഇടുക്കി) | 64 |
| 10 | ഇരവിമല (ഇടുക്കി) | 60 |

സി) അവയ്ക്ക് വംശനാശം സംഭവിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വെളിപ്പെടുത്തുമോ;

സി) വംശനാശം സംഭവിക്കാതിരിക്കാൻ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

1. വരയാടുകളുടെ ഏറ്റവും വലിയ സങ്കേതമുള്ള ഇരവികുളം ഒരു ദേശീയോദ്യാനമായി പ്രഖ്യാപിച്ച് 1978 മുതൽ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.
2. ആവാസ വ്യവസ്ഥകളിൽ ബാഹ്യ ഇടപെടലുകൾ ഒഴിവാക്കുന്നതിന് സന്ദർശകരുടെ പ്രവേശനം കർശനമായി നിയന്ത്രിച്ചു വരുന്നു.

....3

3. വരയാടുകളുടെ പ്രജനന കാലത്ത് സന്ദർശകരെ തീർത്തും ഒഴിവാക്കുന്നു.
4. വരയാടുകൾക്ക് ഏറ്റവും അനുയോജ്യമായ ആവാസ വ്യവസ്ഥയായ ചോലക്കാടുകളും പുൽമേടുകളും കാട്ടുതീ ഉണ്ടാകാതെയും കളനിർമ്മാർജ്ജനം ചെയ്തും സംരക്ഷിച്ച് വരുന്നു.
5. വരയാടുകളുടെ സംഖ്യയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ വിലയിരുത്തുന്നതിനായി എല്ലാ വർഷവും ഇരവികുളം ദേശീയോദ്യാനത്തിൽ വരയാടുകളുടെ സെൻസസ് നടത്തുന്നുണ്ട്.
6. കൂടാതെ വരയാടുകളെയും അവയുടെ ആവാസ വ്യവസ്ഥയെയും സംരക്ഷിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും ജനപിന്തുണ ഉറപ്പാക്കുന്നതിനുമായി ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു.
7. ഇരവികുളത്തിന് പുറമെ മറ്റ് വനം ഡിവിഷനുകളിലെ സമാന ആവാസ വ്യവസ്ഥയുള്ള സ്ഥലങ്ങളിലും വരയാടുകളുടെ സംരക്ഷണത്തിനായി പ്രത്യേക ശ്രദ്ധ നൽകി വരുന്നു.

....4

| | |
|---|---|
| (vi) വരയാടുകളുടെ സങ്കേതങ്ങളിൽ ടൂറിസ്റ്റുകളുടെ സന്ദർശനത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ? | (vi) ഉണ്ട്. |

ബിനോയ് വിശ്വം.